# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3809 20/10/2016-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>എം. നൗഷാദ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | എ) ഉണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) മത്സ്യകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; അവയ്ക്ക് പരിഹാരം കാണാനായി ശ്രമം ഉണ്ടാകുമോയെന്നറിയിക്കുമോ; | ബി) സംസ്ഥാനത്തെ മത്സ്യകർഷകർ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യത്തീറ്റ എന്നിവയുടെ ലഭ്യതക്കുറവാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി സർക്കാർ ഹാച്ചറികളിലെ ഉല്പാദനം വർദ്ധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തീറ്റയുടെ ലഭ്യത പരിഹരിക്കുന്നതിനായി അഡാക്കിന്റെ മേൽനോട്ടത്തിൽ ഒരു മത്സ്യത്തീറ്റ ഫാക്റ്ററി ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇവയ്ക്കുപുറമേ പ്രകൃതി ക്ഷോഭം, രോഗബാധ എന്നിവ മുഖേനയുണ്ടാകുന്ന കൃഷി നാശം, മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം എന്നിവ മത്സ്യകർഷകരെ ബാധിക്കുന്ന വലിയ പ്രശ്നങ്ങളാണ്. മത്സ്യസമൃദ്ധി പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്ന സൗജന്യ ഇൻഷുറൻസ് പദ്ധതി, ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിക്കുന്നു. മാർക്കറ്റിംഗ് രംഗത്ത് മത്സ്യഫെഡിന്റെ ഇടപെടൽ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. |
| സി) ആവശ്യാനുസരണം മത്സ്യവിത്ത് ലഭ്യമാക്കാനായി ഹാച്ചറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) ഉണ്ട്, എറണാകുളം, ഭൂതത്താൻകെട്ട്, വയനാട് തളിപ്പുഴ, വെസ്റ്റ് കല്ലട, കൊല്ലം കുളത്തൂപ്പുഴ, എന്നീ സ്ഥലങ്ങളിൽ മത്സ്യവിത്ത് ലഭ്യമാക്കാനായി ഹാച്ചറികൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. |
| ഡി) പല നാടൻ മത്സ്യ ഇനങ്ങളുടെയും ശോഷണത്തിനു കാരണം കണ്ടെത്തി അതു പരിഹരിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ? | ഡി) നാടൻ മത്സ്യ ഇനങ്ങളുടെ ശോഷണത്തിന് താഴെപ്പറയുന്നവയാണ് പ്രധാന കാരണങ്ങൾ<br>1. പരിസ്ഥിതി നശീകരണം<br>2. അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ<br>3. നദികളിലെ മണൽവാരൽ (habitat modification)<br>4. ജല മലിനീകരണം |

5. കണ്ടൽക്കാടുകളുടെ നശീകരണം
6. മത്സ്യരോഗ വ്യാപനം
7. വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം
8. വിദേശ ജലസസ്യങ്ങളുടെ വ്യാപനം

നാടൻ മത്സ്യങ്ങളുടെ ശോഷണം പരിഹരിക്കാൻ സാധിക്കുന്നതാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## അനുബന്ധം

**ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോത്പാദനം 2015 - 18 വർഷക്കാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി 317.46 കോടി രൂപ മൊത്ത അടങ്കലും, 110.73 കോടി രൂപ ധനസഹായവും 16,000 ഹെക്ടർ കൃഷി വ്യാപനവും, ഉല്പാദന വർദ്ധനവും, കൃഷി രീതിയിലെയും മത്സ്യ ഇനങ്ങളിലേയും വൈവിദ്ധ്യവൽക്കരണവും, 35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നു.

പൊതു ജലാശയങ്ങളിലെ (സോഷ്യൽ ഫിഷറീസ്) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷ കാലയളവിലേയ്ക്ക് 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പത്തും പരമ്പരാഗത അനുബന്ധ മത്സ്യതൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധ്യമാക്കുന്നു. ശുദ്ധജല മത്സ്യകൃഷി ഒന്നാം വർഷം 11065 ഹെക്ടറും രണ്ടാം വർഷം ഇതുവരെ 10878 ഹെക്ടറും നടപ്പിലാക്കിയിട്ടുണ്ട്. 13000 ഹെക്ടറിൽ ശുദ്ധജല മത്സ്യകൃഷി മൂന്നാം വർഷം നടപ്പിലാക്കും.

2015 – 16 സാമ്പത്തിക വർഷം 30 ലക്ഷം രൂപയും 2016 - 17 സാമ്പത്തിക വർഷം 45 ലക്ഷം രൂപയും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ/ആറ്റുകൊഞ്ച്/ ചെമ്മീൻ വിത്ത് നിക്ഷേപിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ആയതിന്റെ ആദ്യഗഡു ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF(Specific Pathogen Free) കാരചെമ്മിൻ കൃഷി, കുളങ്ങളിലെ ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ മുത്തുചിപ്പി, കല്ലുമ്മേക്കായ് എന്നിവയുടെ കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മിൻ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2. <u>അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഡാക്ക് മുഖാന്തിരം പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, പെൻ മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, വെള്ളായണി കായലിലും പാതിരാമണലിലും മത്സ്യസങ്കേതം സ്ഥാപിക്കൽ, പൊതു ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ, ഓരുജല മത്സ്യകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് നൂതന ജലകൃഷി പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് ഫാമുകളിൽ ഓരുജല സമ്മിശ്ര മത്സ്യകൃഷി, സമുദ്രമത്സ്യങ്ങളുടെ കൂടു കൃഷി, വനാമി കൃഷി എന്നിവ നടപ്പിലാക്കി. പൊതുജലാശയങ്ങളിലേക്ക് വ്യാപിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് ക്യാറ്റ്ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ കൃഷിയും അഡാക്ക് മുഖേന നടപ്പിലാക്കി. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ,തിരുത സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യകൃഷിരീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവയുടെ കൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻവിത്തുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. 2014-15 വർഷം വരെ കൈപ്പാട് പുനരുദ്ധാരണ പദ്ധതി കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കിയിട്ടുണ്ട് കൂടാതെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോൾനിലങ്ങളിൽ സംയോജിത ആറ്റുകൊഞ്ചു കൃഷി പദ്ധതിയും നടപ്പാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം (2016-17) 'റെനോവേഷൻ ഓഫ് ആയിരംതെങ്ങ് ഫിഷ്ഫാം' എന്ന പദ്ധതിയ്ക്ക് 466 ലക്ഷം രൂപയുടെ അംഗീകാരം നൽകി.

3. <u>ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. **തെരഞ്ഞെടുത്ത നദികൾ / തടാകങ്ങളിൽ മത്സ്യസങ്കേതം**

കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നത് ലക്ഷ്യമിട്ട് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട നദികളിലും, കായലുകളിലുമായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ചു. പെരുമ്പപ്പുഴ, വളപട്ടണം പുഴ, മൂവാറ്റുപുഴ, പമ്പ, ശാസ്താംകോട്ട (ചേലൂർകായൽ), കുമരകം, നീലംപേരൂർ എന്നിവിടങ്ങളിലാണ് മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നത്.

2. **കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ ആറ്റ്കൊഞ്ച് പുനരധിവാസ പദ്ധതി**

വളപട്ടണം പുഴയിൽ നിന്ന് അന്യംനിന്നുപോയ ആറ്റ്കൊഞ്ചിനെ പുനരധിവസിപ്പിക്കുന്നതിനും അതുവഴി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഫിർമ ആവിഷ്ക്കരിച്ച പദ്ധതിയാണ് ആറ്റ്കൊഞ്ച് പുനരധിവാസപദ്ധതി.

3. **കൂടുകളിലെ മത്സ്യകൃഷി**

കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയറിലും, പാലക്കാട് ജില്ലയിലെ മലമ്പുഴ റിസർവോയറിലും, പരപ്പനങ്ങാടി കൽപ്പുഴ തടാകത്തിലും പദ്ധതി നടപ്പിലാക്കുന്നു.

4. **ഭൂതത്താൻകെട്ട്, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ**

10 ദശലക്ഷം മത്സ്യവിത്തുൽപ്പാദന ശേഷിയുള്ള ഒരു ഹാച്ചറി എറണാകുളം ജില്ലയിലെ ഭൂതത്താൻ കെട്ടിലും 50 ലക്ഷം വിത്തുൽപ്പാദന ശേഷിയുള്ള ഒരു ഹാച്ചറി മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിലും സ്ഥാപിച്ചുവരുന്നു. ഉത്പാദനം ആരംഭിച്ചു.

5. **നാഷണൽ സെന്റർ ഫോർ ഓർണമെന്റൽ ഫിഷസ്, നെയ്യാർ**

അലങ്കാര മത്സ്യവിത്തുൽപ്പാദന വിപണനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൽ ഒരു അലങ്കാര മത്സ്യ കേന്ദ്രം സ്ഥാപിച്ചുവരുന്നു. ഉത്പാദനം ആരംഭിച്ചു.

6. **അലങ്കാര മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ**

**നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ (NFDB) ധനസഹായം മത്സ്യകർഷകർക്ക് ഫിർമ വഴി നൽകിവരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.**

**സെക്ഷൻ ആഫീസർ**